# ദലിത് സ്ത്രീവാദം-ഒരു ആമുഖം

**മായാ പ്രമോദ്**
ഗവേഷക, ചരിത്രവിഭാഗം, ക്രൈസ്റ്റ് കോളേജ്, ഇരിങ്ങാലക്കുട

"എപ്പോഴാണ് എന്റെ ജീവിതം സത്യത്തിൽ എന്റേതായിത്തീരുന്നത്? വീട്ടിൽ പുരുഷന്റെ അസഹിഷ്ണുത കവിൾത്തടം കുത്തിനോവിക്കുന്നു. തെരുവിൽ ജാതിയുടെ അസഹിഷ്ണുത എന്റെ മറുകവിൾ തകർത്തുകളയുന്നു." ചെല്ലപ്പള്ളി സ്വരൂപാറാണി, ദലിത് വിമൻസ് റൈറ്റിങ് ഇൻ തെലുഗു (ഇപിഡബ്ലിയു, ഏപ്രിൽ 25,1998)

ചെല്ലപ്പള്ളി സ്വരൂപാറാണിയുടെ ഈ വരികളിലെന്നപോലെത്തന്നെ സംഘർഷഭരിതമായ ചൂഷണത്തിന്റെയും വിവേചനത്തിന്റെയും തുടർച്ചരിത്രമാണ് ഇന്ത്യയിലെയും കേരളത്തിലെയും ദലിത്സ്ത്രീ ചരിത്രചിന്താധാരകൾക്കുണ്ടായിരുന്നത്. കേരളീയജീവിത സംസ്കാരത്തിന്റെ പൊതുഇടങ്ങളിൽ ദലിത്സ്ത്രീകൾ അടയാളപ്പെടുന്നത് ഒരേസമയം സ്ത്രീയെന്ന ലിംഗാവസ്ഥയുടെയും ദലിത് എന്ന ജാതിയുടെയും സ്വത്വബോധത്തോടെയാണ്. ദലിത്ചിന്തകളും ആശയങ്ങളും വർദ്ധിച്ചുവരുന്ന ഇക്കാലത്ത് ദലിത്സ്ത്രീ ഇടപെടലുകളുടെയും ചിന്താസരണികളുടെയും പ്രസക്തിയെന്താണ്? ദലിത്സ്ത്രീ ചിന്താധാരകളുടെയും പ്രവർത്തനങ്ങളുടെയും ഒരു നീണ്ടകാല ചരിത്രംതന്നെ കേരളത്തിലെ സ്ത്രീവാദത്തിനു പറയാനുണ്ട്. ചൂഷണത്തിന്റെയും വിവേചനത്തിന്റെയും കാലത്തിൽനിന്ന് ബഹുദൂരം മുന്നോട്ടുവന്ന് സ്വത്വബോധത്തോടെ സംസാരിക്കുന്ന ധാരാളം ദലിത്സ്ത്രീശബ്ദങ്ങൾ പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാനംതൊട്ട് ഇന്ന് സാമൂഹികമാധ്യമങ്ങൾ സജീവമായ ഈ കാലം വരെ നമുക്കു കാണാം. കേരളത്തിലെ നവോത്ഥാനചരിത്രത്തിലും പൊതുവിൽ ജാതിവിരുദ്ധപോരാട്ടങ്ങളിലും ദലിത് സ്ത്രീകളുടെ പങ്കാളിത്തം സവിശേഷവും നിർണ്ണായകവുമായിരുന്നു. കല്ലയും മാലയും

പൊട്ടിച്ചെറിയൽ സമരമൊക്കെ അത്തരത്തിൽ വളരെ പ്രസക്തമായിരുന്നു. തുടക്കത്തിൽ ജാതി അയിത്തത്തിനെതിരെ ആയിരുന്നെങ്കിലും പിന്നീട് ഇത്തരം സമരങ്ങളുടെ നിർവ്വാഹകത്വം/ഏറ്റെടുക്കൽ ദലിത്സ്ത്രീകളിൽ എത്തിച്ചേർന്നിട്ടുണ്ട്. 1930-ൽ ശ്രീമൂലം പ്രജാസഭയിൽ അംഗത്വം ആവശ്യപ്പെട്ട് നിവേദനം സമർപ്പിച്ച പ്രത്യക്ഷരക്ഷാദൈവസഭയിലെ സ്ത്രീകൾ അതിന് ഉദാഹരണമാണ്. പൊതുസമൂഹത്തിലെ സ്ത്രീപ്രതിനിധാനം പോലും ഏറ്റവും കുറവായ സമയത്താണ് പ്രത്യക്ഷരക്ഷാസഭയിലെ സ്ത്രീകളുടെ ഈ ഇടപെടലെന്നത് പ്രധാനമാണ്. പൊയ്കയിൽ അപ്പച്ചൻ സ്ഥാപിച്ച പി.ആർ.ഡി.എസ്സിലും മഹാത്മ അയ്യങ്കാളിയുടെ സാധുജനപരിപാലന സംഘത്തിലും സ്ത്രീകളുടെ പങ്കാളിത്തം വളരെ വലുതായിരുന്നു. സംഘത്തിലെ എന്നി പാച്ച, കാലു, അമ്മു, കുളിരി, അപ്പച്ചന്റെ സഭയിലെ കുഴിയടി അമ്മ, കളകുറ്റിഅമ്മ, കുമരകം ചിന്ന തുടങ്ങി അനേകം സ്ത്രീകൾ സഭയിലെ ആത്മീയപരമോന്നത പുരോഹിതവിഭാഗത്തിലെ രക്ഷാനിർണ്ണയ പ്രവർത്തകരായിരുന്നു. മാത്രമല്ല, അപ്പച്ചന്റെ ശരീരമാറ്റശേഷം പ്രത്യക്ഷരക്ഷാ ദൈവസഭയെ നീണ്ട 46 വർഷം മുന്നോട്ടു നയിച്ചത് അപ്പച്ചന്റെ ധർമ്മപത്നിയായ വി. ജാനമ്മ (അമ്മച്ചി)യുടെ ദീർഘവീക്ഷണവും ഇച്ഛാശക്തിയുമായിരുന്നു. ദലിത്സ്ത്രീകൾ പത്തൊമ്പതാം നൂറ്റാണ്ടിൽ വിദ്യാഭ്യാസം കുറഞ്ഞവരും കുറഞ്ഞ വേതനം ലഭിക്കുന്ന ജാതിത്തൊഴിലുകളിൽ ഏർപ്പെട്ടവരുമായിരുന്നു. എന്നിട്ടും സമുദായത്തിലെ പുരുഷനോടൊപ്പം സമൂഹത്തിലെ സവർണ്ണസ്ത്രീകൾക്കു നേടാൻകഴിയാത്ത അത്ഭുതാവഹമായ സംഘാടനപാടവം ദലിത്സ്ത്രീകൾക്ക് അന്നുണ്ടായിരുന്നു.

## ദലിത് സ്ത്രീവാദത്തിന്റെ കാതൽ

എന്താണ് ദലിത്സ്ത്രീവാദത്തിന്റെ കാതൽ? ദലിത്സ്ത്രീകൾ അവരുടെ സംസ്കാരികസമ്പത്ത് പ്രയോഗിക്കുമ്പോഴും പ്രാതിനിധ്യത്തിനായി ശ്രമിക്കുമ്പോഴും പുരുഷന്മാരാലും പൊതുസമൂഹത്താലും സവർണ്ണബ്രാഹ്മണിക്കൽ പ്രത്യയശാസ്ത്രത്താലും അടിച്ചമർത്തലിന്റെ അധികാരശക്തികൾ അവർക്കുമേൽ പതിക്കുന്നു. അവർ മർദ്ദിതരിൽ മർദ്ദിതരാക്കപ്പെടുന്നു. ഇത്തരം അടിച്ചമർത്തലിനെക്കുറിച്ചുള്ള അന്വേഷണങ്ങളുമായാണ് ദലിത്സ്ത്രീ ചിന്താധാരകൾ ഉയർന്നുവരുന്നത്. അത് കേവലം പുരുഷനിൽനിന്നോ കുടുംബത്തിൽനിന്നോ ഉള്ള സ്വാതന്ത്ര്യം മാത്രമായിരുന്നില്ല. മറിച്ച്, തങ്ങൾ നില്ക്കുന്ന ദലിത്/അദലിത് പുരുഷസമൂഹത്തിലെ ജാതിയിൽനിന്നും അതോടൊപ്പം ലിംഗാവസ്ഥയിൽനിന്നുമുള്ള വിടുതൽ കൂടിയായിരുന്നു. അത് തങ്ങളുടെ സ്വത്വപ്രതിസന്ധിയുടെയും

ഭൂമിയുടെയും മൂലധനത്തിന്റെയും സമ്പത്തിന്റെയും ജോലിയുടെ മേലു ള്ള അധികാരത്തിന്റെയും സ്വാതന്ത്ര്യം കൂടിയായിരുന്നു. വിവാഹം കൊണ്ടോ അതുമല്ലെങ്കിൽ തങ്ങൾ ഈ ജാതിയിൽ ജനിച്ചതുകൊണ്ടു മാത്രമോ തീർന്നുപോകേണ്ട ഒന്നല്ല തങ്ങളുടെ സ്വത്വം എന്ന ഒരു തി രിച്ചറിവുകൂടിയായിരുന്നു അത്. ദലിത്സ്ത്രീകളെ സംബന്ധിച്ചിടത്തോ ളം തങ്ങളുടെ സഞ്ചാരത്തെക്കുറിച്ചുള്ള സ്വാതന്ത്ര്യബോധവും വ്യക്തിയെ ന്നനിലയിലുള്ള അവകാശബോധവും പൂർവ്വാധികം ശക്തിയാർജ്ജിച്ച ഒരു ചരിത്രഘട്ടം കൂടിയായിരുന്നു ഇത്. പത്തൊമ്പതാം നൂറ്റാണ്ടുതൊ ട്ട് ഇന്നുവരെ തങ്ങളുടേതായ ഒരു സവിശേഷരാഷ്ട്രീയം വിഭാവന ചെ യ്യാൻ ഇക്കാലയളവിനുള്ളിൽ ദളിത്സ്ത്രീകൾക്കു കഴിഞ്ഞുവെന്നുള്ളത് സർവ്വപ്രധാനമായ കാര്യമായിരുന്നു. എഴുത്തിലും കവിതയിലും കഥ യിലും യാത്രകളിലും സാമൂഹ്യപ്രവർത്തനങ്ങളിലും രാഷ്ട്രീയ ഇടപെട ലുകളിലും ഒക്കെത്തന്നെ നിരവധി ദളിത്സ്ത്രീ വ്യക്തിത്വങ്ങൾ ഇക്കാല ത്ത് ഉദയം കൊണ്ടു.

1857-ലെ കൊളോണിയൽ വിരുദ്ധസമരങ്ങളിലെ പ്രധാനികളായിരു ന്നു ജൽക്കാരി ബായി, ഉമാദേവി, അവന്തിബായി, മഹാവീർ ബാഗിൻ തുടങ്ങിയവർ. അവരുടെ ചരിത്രപരമായ ഇടപെടലുകളെക്കുറിച്ച് മീരാ വേലായുധൻ പറയുന്നുണ്ട്. കേരളചരിത്രത്തിലേയ്ക്കുവന്നാൽ കല്ലയും മാലയും പൊട്ടിച്ചെറിയൽ സമരം തുടങ്ങി നിരവധി സമരങ്ങളും പി. ആർ.ഡി.എസ്സിലെ സ്ത്രീപങ്കാളിത്തവും സൃഷ്ടിച്ച പുതിയ ഒരു രാഷ്ട്രീയ ഇടം രൂപപ്പെട്ടു. അതിലേക്കാണ് ദാക്ഷായണി വേലായുധൻ കടന്നുവ ന്നത്. വിദ്യാഭ്യാസകാലത്ത് അവർ പ്രകടിപ്പിച്ച തന്റേടം അവരെ കൊ ച്ചിരാജ്യത്തെ ആദ്യത്തെ പട്ടികജാതിക്കാരിയായ എസ്.എസ്.എൽ. സിക്കാരിയും ബിരുദധാരിണിയുമാക്കി. 1945-ൽ കൊച്ചി നിയമനിർ മ്മാണസഭയിൽ അധഃകൃതരെ പ്രതിനിധീകരിച്ച് ദാക്ഷായണി കടന്നു വന്നു. സഭയിൽ അവർ നടത്തിയ ആദ്യപ്രസംഗംതന്നെ ഇംഗ്ലീഷിലാ യിരുന്നു. 'രാജ്യത്തെ അധഃകൃതരെ ഹരിജനെന്ന് വിളിക്കരുതെന്നും അവർ ഷെഡ്യൂൾഡ് കാസ്റ്റ് എന്ന് ഇനിമേൽ അറിയപ്പെടണ'മെന്നും അവർ തന്റെ പ്രസംഗത്തിൽ ആവശ്യപ്പെട്ടു. കേരളത്തിലെ ദളിത്സ്ത്രീ നവോത്ഥാനം സാധ്യമാക്കിയ അസാമാന്യവ്യക്തിത്വമായിരുന്നു ദാക്ഷാ യണി വേലായുധൻ.

പിന്നീട് ഇങ്ങോട്ട് കുറിച്ചിയിലെ ദലിത് വിമൻസ് സൊസൈറ്റി, തിരുവല്ല കേന്ദ്രമാക്കി പ്രവർത്തിച്ച അന്വേഷി, ദലിത് വിമൻ ഡോ ക്യുമെന്റേഷൻ സെന്റർ, അടൂർ കേന്ദ്രമാക്കി പ്രവർത്തിച്ച ദലിത്

ഡെവലപ്മെന്റ് സൊസൈറ്റി എന്നിവയിലൂടെ ലൗലി സ്റ്റീഫൻ, റെസ്സി എബ്രഹാം, അച്ചാമ്മ ജോൺ, ഇനയമ്മാൾ, കുഞ്ഞുമോൾ ജോൺസൺ തുടങ്ങി കരുത്തുറ്റ നേതാക്കൾ ഉയർന്നുവന്നു. ഡി.എസ്.പിയിലെ മീനാക്ഷിയമ്മ, സുശീലാ മോഹനൻ, കെ.എസ്. മാധവി, കേരള ദലിത് പാന്തർ പ്രസ്ഥാനത്തിലെ ഉമ എ.ടി., സുഗന്ധി; ദലിത് സ്റ്റുഡന്റ്സ് മുന്നേറ്റത്തിലെ പി.സി. ഉഷ എന്നിവർ അക്കാലത്ത് ശ്രദ്ധേയമായ ഇടപെടൽ നടത്തിയിരുന്നവരായിരുന്നു. തൊണ്ണൂറുകൾക്കുശേഷം കേരളത്തിലെ സ്ത്രീവാദപ്രസ്ഥാനങ്ങളിലും അവ മുന്നോട്ടുവെച്ച ആശയങ്ങളിലും ഒരു പുതിയ ഉണർവുതന്നെ ദൃശ്യമായിരുന്നു. ഈ നേതാക്കൾ ദലിത് സ്ത്രീപ്രശ്നങ്ങൾ ഉന്നയിച്ചുകൊണ്ടും നേരിട്ട് ദലിത്‌രാഷ്ട്രീയത്തിന്റെ ഭാഗമായിക്കൊണ്ടുമാണ് ശ്രദ്ധപിടിച്ചുപറ്റിയത്. അങ്ങനെ ഉയർന്നുവന്ന ഒരു നേതാവാണ് സി.കെ. ജാനു. അവരുടെ നേതൃത്വത്തിൽനടന്ന ആദിവാസി ഭൂസമരങ്ങൾ ഭൂമിയുടെ രാഷ്ട്രീയത്തെ സവിശേഷമായി മുന്നോട്ടുവെച്ചു. പിന്നീട് ചെങ്ങറയിൽ സെലീന പ്രക്കാനം (ഇപ്പോൾ ദലിത് ഹ്യൂമൻ റൈറ്റ്സ് മൂവ്മെന്റ് നേതാവ്) മുന്നോട്ടുകൊണ്ടുപോകാൻ ശ്രമിച്ചതും അതുതന്നെ. ഇത്തരം ഇടപെടലിലൂടെ ദലിത് സ്ത്രീപ്രവർത്തകർ കേരളത്തിൽ തങ്ങളുടേതായ രാഷ്ട്രീയ ഇടം ഉറപ്പിച്ചുകൊണ്ട് ദലിത് സ്ത്രീവാദത്തിന്റെ ഉറച്ച വക്താക്കളായിമാറി. ഇതോടൊപ്പം ധൈഷണികരംഗത്തും ദലിത് സ്ത്രീകളുടെ ഇടപെടലുകളുണ്ടായി. അവയിൽ എടുത്തുപറയേണ്ടതാണ് രേഖാരാജിന്റെ കടന്നുവരവ്. അക്കാദമിക രംഗത്തും പൊതുരാഷ്ട്രീയത്തിലും അവർ ധാരാളം ഇടപെടലുകൾ നടത്തി. ദലിത്/അദലിത് സ്ത്രീവിഷയങ്ങളിൽ കൃത്യമായ നിലപാടുകൾ അവർ സമരങ്ങളിലൂടെയും എഴുത്തിലൂടെയും മുന്നോട്ടുവെച്ചു. വരുംതലമുറയ്ക്ക് ദിശാബോധം നൽകുന്നതിൽ അവരുടെ ഇടപെടലുകൾ വലിയ പങ്കുവഹിച്ചു. അതുപോലെ കഥയിലും കവിതയിലും സാമൂഹികരാഷ്ട്രീയ പ്രശ്നങ്ങളിലും തങ്ങളുടെ നിലപാടുമായി കടന്നുവന്നവർ നിരവധിയുണ്ട്. സിമി കോറോട്ട്, പ്രവീണ കെ.പി., ബോബി മാത്യു, രാധാമണി എം.ആർ., സരിത വേണു, വിജില ചിറപ്പാട്, ധന്യ എം.ഡി., അജിത, സതി അങ്കമാലി, മൃദുലദേവി, ശശിധരൻ, ആരതി സജി, അമ്മു ദീപ, മായ പ്രമോദ് തുടങ്ങിയവർ അവരിൽ ചിലരാണ്. ദലിത്സ്ത്രീവാദത്തിന്റെ സ്വതന്ത്രവികാസത്തെ തടഞ്ഞുകൊണ്ട് ബ്രാഹ്മണിക് സ്ത്രീവാദികളിൽനിന്നുണ്ടായ ഒതുക്കിചേർക്കലിനെ ദലിത്സ്ത്രീപക്ഷവാദികൾ പല ഘട്ടങ്ങളായി ചോദ്യം ചെയ്തിട്ടുമുണ്ട്. ജാതിയുടെ സ്വത്വപ്രതിസന്ധിയേയും ലിംഗാവസ്ഥയേയും ബന്ധപ്പെടുത്തിക്കൊണ്ടുള്ള ഒരു പുതിയ ദലിത്പരിപേക്ഷ്യം ആണ് ദലിത് സ്ത്രീവാദം മുന്നോട്ടുവെക്കുന്ന പ്രധാന ആശയം. തങ്ങളുടേതായ

ഒരു രാഷ്ട്രീയത്തെ വിഭാവനം ചെയ്യുന്ന പുതിയ ദലിത് സ്ത്രീവാദം നവജനാധിപത്യ സങ്കല്പത്തിന് ഒഴിച്ചുകൂടാൻ കഴിയാത്ത ഒന്നാണ്.

## കുറിപ്പുകൾ


1. രേഖ രാജ്, ദലിത് സ്ത്രീ ഇടപെടലുകൾ, ഡി.സി ബുക്സ്.
2. മീരാ വേലായുധൻ (ed), പുതുവഴി, ദലിത് പഠനങ്ങൾ, പ്രതീക്ഷ ട്രസ്റ്റ് പ്രസിദ്ധികരണം, 2014.
3. Gopal Guru, Dalit Women Talk Differently, 1995, Economic and political Weekly.
4. റൂത്ത് മനോരമ, മർദ്ദിതരിൽ മർദ്ദിതർ (ed).